# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2623 09.07.2015 -ൽ മറുപടിക്ക്**

## ചാത്തങ്കൈ റെയിൽ ഓവർബ്രിഡ്ജ്

**ചോദ്യം**

**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)**

(എ) കാസർഗോഡ് ജില്ലയിൽ ഡോ. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ചാത്തങ്കൈ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചെമ്മനാട് ഗ്രാമപഞ്ചായത്ത് സെന്റേജ് ചാർജ് അടച്ച് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പ്രവൃത്തി ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ വിട്ടുപോയത് ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം ചാത്തങ്കൈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഡെപ്പോസിറ്റ് വ്യവസ്ഥയിൽ നടത്തുന്നതിന് റെയിൽവേ സമ്മതിക്കുകയും പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക കെട്ടിവയ്ക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ബഹു.എം.എൽ.എയുടെ ആവശ്യപ്രകാരം ഡോ.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ